

മുള പാരിസ്ഥിതികപരമായും, വാണിജ്യപരമായും പ്രാധാന്യമുള്ള പുൽ വർഗ്ഗത്തിൽപ്പെടുന്ന ഒരു സസ്യമാണ്. വാണിജ്യപ്രാധാന്യമുള്ള മുളയിനങ്ങൾ പേപ്പർ, പൾപ്പ്, എഥനോൾ, ചാർക്കോൾ, ഫ്ലോർ പാനലിങ്, ഫർണീച്ചർ, നിർമ്മാണമേഖല, തുടങ്ങിയ നിരവധി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കേന്ദ്ര - കേരള സംസ്ഥാന ബാംബൂമിഷന്റെ സബ്സിഡിയോടെ പത്തു ഹെക്ടർ വരെയുള്ള മുളന്തോട്ടങ്ങൾ നിർമ്മിക്കാം. ഇത് ഒരു വ്യക്തിയ്ക്കോ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ, ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനീസ്, വില്ലേജ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ, സെൽഫ് ഹെൽപ് ഗ്രൂപ്പ് എന്നിവയിൽ അംഗങ്ങളായവർക്കോ അപേക്ഷിക്കാം. മുളന്തോട്ടങ്ങൾക്കുള്ള മുളയിനങ്ങളുടെ തൈകൾ ഗുണമേന്മയുള്ളതാണെന്നും അംഗീകൃത നഴ്സറിയിൽ നിന്നും ലഭിച്ചതാണെന്നും ഉറപ്പാക്കണം.

ഒരു ഹെക്ടറിന് ആകെ ചിലവായി കണക്കാക്കുന്ന ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയുടെ 50 ശതമാനം തുകയാണ് സബ്സിഡിയായി രണ്ടു വർഷം കൊണ്ട് ലഭിക്കുക (60 : 40).

## വാണിജ്യ പ്രാധാന്യമുള്ള മുളയിനങ്ങൾ



ആസാം മുള (ബാംബൂസ ബാൽക്കോവ)



ആനമുള (ഡെൻഡ്രോകലാമസ് ജൈജാൻഷ്യസ്)



ബാംബൂസ ടുൾഡ



ഊയിമുള (ഡെൻഡ്രോകലാമസ് സ്റ്റോക്സി)



ബാംബൂസ കച്ചാറെൻസിസ്



തൈറോസ്റ്റാചിസ് ഒലിവേറി

## ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ. എഫ്. ആർ. ഐ

1975 ൽ തൃശ്ശൂർ ജില്ലയിലെ പീച്ചിയിൽ സ്ഥാപിതമായ കേരള വന ഗവേഷണ സ്ഥാപനം (കെ. എഫ്. ആർ. ഐ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. വന ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനും ആവശ്യമായ ശാസ്ത്രീയമായ വിജ്ഞാനം നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ഉദ്ദേശം. കേന്ദ്രസർക്കാരിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷന്റെ ധന സഹായത്തോടു കൂടി കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നതാണ് ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബി.ടി.എസ്. ജി - ദക്ഷിണ മേഖല). വിവിധയിനം മുളയിനങ്ങൾ അവയുടെ പ്ലാന്റേഷന്, പ്രജനന മാർഗങ്ങൾ, സംസ്കരണം, വിപണനം, മുള മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, അവയുടെ പരിശീലനം, കൂടാതെ വൈവിധ്യമാർന്ന ഉപയോഗങ്ങൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് കർഷകർക്കും വിദ്യാർഥികൾക്കും മറ്റ് സംരംഭകർക്കും വേണ്ട നിർദ്ദേശങ്ങൾ, വിവരങ്ങൾ എന്നിവ കെ. എഫ്. ആർ. ഐ - ബി.ടി.എസ്. ജി യിൽ നിന്നും ലഭിക്കുന്നതാണ്.



## കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാം

**ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ്**
കേരള വന ഗവേഷണ സ്ഥാപനം
പീച്ചി, 680 653, തൃശ്ശൂർ

0487 2690100 btsgkfri@gmail.com
www.bambooinfo.in

**കേരള സംസ്ഥാന ബാംബൂ മിഷൻ**
കെ - ബിപ് , 2, വിദ്യ നഗർ,
തൈക്കാട്, തിരുവനന്തപുരം,- 695014

0471 2321882
info@keralabamboomission.org
www.keralabamboomission.org

**അപേക്ഷാഫോമിനായി സ്കാൻ ചെയ്യുക**

# മുളന്തോട്ടങ്ങൾ നിർമ്മിക്കാം..... സബ്സിഡിയോടെ



National Bamboo Mission | Kerala State Bamboo Mission | KSCSTE | KFRI

**ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ്**
**കേരള വന ഗവേഷണ സ്ഥാപനം**
**പീച്ചി, 680 653, തൃശ്ശൂർ**